പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.1298

02.03.2017 -ൽ മറുപടിയ്ക്ക്

## സ്വാശ്രയ കോളേജുകളിലെ പ്രശ്നങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി | | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സ്വാശ്രയ കോളേജുകളിലെ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ; | (എ) | ഉണ്ട്. സ്വാശ്രയ മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് സമഗ്രമായ റിപ്പോർട്ട് സമർപ്പിക്കുവാൻ 04.02.2017 തീയതിയിലെ സ.ഉ (കൈ) 37/2017/ഉ.വി.വ നമ്പർ ഉത്തരവ് പ്രകാരം ജസ്റ്റിസ്. കെ.കെ. ദിനേശൻ, ഡോ.കെ.കെ. എൻ. കുറുപ്പ്, ഡോ.ആർ.വി.ജി. മേനോൻ എന്നിവർ അംഗങ്ങളുമായി ഒരു കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വാശ്രയ കോളേജുകളിലെ വിദ്യാർത്ഥികളുടെ സ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട് എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വാശ്രയ എഞ്ചിനിയറിംഗ് കോളേജിലെ വിദ്യാർത്ഥി പ്രശ്നവുമായി ബന്ധപ്പെട്ട 5 പരാതികൾ ലഭിച്ചിട്ടുണ്ട്. കേരള ലോ അക്കാഡമി വിദ്യാർത്ഥികളുടെ പരാതികൾ ലഭിച്ചിട്ടുണ്ട്. |
| (സി) | സ്വാശ്രയ കോളേജുകളുൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇന്റേണൽ മാർക്ക് നൽകുന്നതിൽ എന്തെങ്കിലും പരിഷ്കാരം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ? | (സി) | ഉണ്ട്. ഇന്റേണൽ അസസ്സ്മെന്റുമായി ബന്ധപ്പെട്ട് നിരവധി പരാതികൾ ഈ സർക്കാരിന്റെ ശ്രദ്ധയിൽ വന്നതിന്റെ ഭാഗമായി, ഇക്കാര്യം വിശദമായി പരിശോധിച്ച് വേണ്ട നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിലേക്കായി മഹാത്മാഗാന്ധി സർവ്വകലാശാലാ വൈസ് ചാൻസലർ അദ്ധ്യക്ഷനായി 4 വി.സിമാർ ഉൾപ്പെട്ട് ഒരു കമ്മിറ്റിയെ നിയോഗിച്ച് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ